പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1615 **01-07-2026-ൽ മറുപടിയ്ക്ക്**

നെല്ല് സംഭരണവും വില വിതരണവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. അനുപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ നെല്ല് സംഭരണവും വില വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ നെല്ല് സംഭരണവും വിലവിതരണവും സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടി സർക്കാരും സപ്ലൈകോയും ചേർന്ന് നടപ്പിലാക്കി വരികയാണ്.

നെല്ല് സംഭരണം, സംസ്കരണം, മില്ലുകളിലേയ്ക്കുള്ള വിതരണം, ഗുണനിലവാര പരിശോധന, കർഷകർക്ക് പണം കൈമാറൽ തുടങ്ങിയ എല്ലാ ഘട്ടങ്ങളും ഏകോപിപ്പിക്കുന്ന സമഗ്ര ERP (Enterprise Resource Planning) സംവിധാനം നടപ്പിലാക്കും. ഇതിലൂടെ തത്സമയ നിരീക്ഷണവും പ്രവർത്തന കാര്യക്ഷമതയും ഉറപ്പാക്കാനാകും.

നെല്ല് സംഭരിച്ചതിനുശേഷം പരമാവധി കുറഞ്ഞ സമയത്തിനുള്ളിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറുന്നതിനുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ഓഡിറ്റും അക്കൗണ്ട്സ് തീർപ്പാക്കലും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിതരണ ശൃംഖലയിൽ വിജയകരമായി നടപ്പാക്കിയ വി.എൽ.ടി.എസ്. (V.L.T.S.) സംവിധാനം നെല്ല് സംഭരണമേഖലയിലേക്കും വ്യാപിപ്പിക്കുന്നതിനായി സി-ഡാക്കുമായി സഹകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ ട്രയർ റൺ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുന്നതോടൊപ്പം മില്ലുകളിൽ നിന്ന് വാഹനവിവരങ്ങൾ ശേഖരിച്ച് സി-ഡാക്കിന്റെ സംവിധാനത്തിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

വിവിധ കാരണങ്ങളാൽ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുള്ള തുകകൾ ലഭ്യമാകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും കുടിശ്ശികകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ആവശ്യമായ ഇടപെടലുകളും തുടർനടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കർഷകർക്ക് നൽകുവാനുള്ള നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തുക കൊടുത്തുതീർക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മറുപടി: കർഷകർക്ക് നെല്ല് സംഭരിച്ച തുക നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് PRS (Paddy Receipt Sheet) വായ്പാപദ്ധതി മുഖേന സപ്ലൈകോ സംഭരണവില നൽകുന്നത്. ഇതിനായി ബാങ്ക് കൺസോർഷ്യം വഴി നെല്ല് സംഭരണത്തിനായി അനുവദിച്ചിട്ടുള്ള വായ്പപരിധി SBI 480 കോടി രൂപയും കാനറാ ബാങ്ക് 620 കോടി രൂപയും ചേർന്ന് ആകെ 1100 കോടി രൂപയായിരുന്നു. ഈ പരിധി 1100 കോടി രൂപയിൽ നിന്നും 1600 കോടി രൂപയായി ഉയർത്തി. ഇതുവഴി കർഷകർക്കുള്ള നെല്ല് സംഭരണത്തിന്റെ കുടിശിക തുക സമയബന്ധിതമായി കൊടുത്തുതീർക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ